19

# സഭാ വളർച്ചക്കുള്ള തത്വങ്ങൾ

## (4:7-16)

പരിശീലനത്തിൽ ഏർപ്പെട്ടിരുന്ന സൈന്യഗണം സഞ്ചരിച്ചുകൊണ്ടിരുന്ന രണ്ടു യുദ്ധക്കപ്പലുകൾ കടലിൽ ഉണ്ടായിരുന്നു. കാലാവസ്ഥ ഭീതിജനകവും, തോരാത്ത മഴയും, വലിയ കാറ്റും ഉള്ളതുകൊണ്ട്, കടൽ ശാന്തവുമായിരുന്നില്ല. ഒരു രാത്രി മുഴുവൻ മോശമായ കാലാവസ്ഥ തുടരുകയും മഞ്ഞു ഭാഗികമായി മൂടാനും തുടങ്ങി. കപ്പിത്താൻ കപ്പലിന്റെ മുകൾത്തട്ടിൽ നിന്നു സാഹചര്യം വീക്ഷിച്ചറിഞ്ഞുകൊണ്ടിരുന്നു.

ഇരുട്ടായ ഉടനെ, കപ്പലിന്റെ മുകളിൽ നിന്നു ഒരു ശബ്ദം കേട്ടു, "വെളിച്ചം, കപ്പലിന്റെ ദക്ഷിണ പാർശ്വത്തിലുള്ള ഭാഗത്ത് വഹിച്ചുകൊണ്ട്."

കപ്പിത്താൻ ചോദിച്ചു, "അതു ഇളകാതിരിക്കുന്നുവോ?

"കപ്പിത്താനേ, ഇളകാതിരിക്കുന്നു."

അവർ സ്പഷ്ടമായും മറ്റൊരു കപ്പലുമായി കൂട്ടിമുട്ടുമെന്ന നിലയിലാണ്.

കപ്പിത്താൻ നിർദ്ദേശിച്ചു, "ആ കപ്പലിനു അടയാളം കൊടുക്കുക: 'നാം കൂട്ടിമുട്ടുന്ന ദിശയിലാണ്; നിങ്ങളുടെ സഞ്ചാരപഥം 20 ഡിഗ്രി മാറ്റുക.'"

തിരിച്ചു മറുപടി വന്നു: "നിങ്ങൾ 20 ഡിഗ്രി മാറി സഞ്ചരിക്കുക."

കപ്പിത്താൻ മറ്റൊരു സന്ദേശം അയച്ചു: "ഞാൻ ഒരു കപ്പിത്താനാണ്; നിങ്ങൾ 20 ഡിഗ്രി മാറി സഞ്ചരിക്കുക."

"ഞാൻ കടലിൽ യാത്ര ചെയ്യുന്ന രണ്ടാം ക്ലാസുകാരനാണ്," എന്നായിരുന്നു മറുപടി. "നിങ്ങൾ 20 ഡിഗ്രി മാറി സഞ്ചരിക്കുന്നതാണ് നല്ലത്."

അപ്പോഴേക്കും, കപ്പിത്താൻ കോപാകുലനായി. "അയക്കുക, 'ഞാൻ ഒരു യുദ്ധക്കപ്പലാണ്. 20 ഡിഗ്രി മാറി സഞ്ചരിക്കുക.'"

മിന്നുന്ന പ്രകാശവുമായി മറുപടി വന്നു, "ഞാൻ ഒരു ലൈറ്റ് ഹൗസ് ആണ്. 20 ഡിഗ്രി മാറി സഞ്ചരിക്കുക."

കപ്പിത്താൻ ഉടനെ മാറി സഞ്ചരിക്കുവാൻ തന്റെ ആളുകൾക്കു നിർദ്ദേശം കൊടുത്തു.[1]

സാഹചര്യത്തെ തന്റെ കാഴ്ചപ്പാടിൽ കണ്ടുകൊണ്ടാണ് കപ്പിത്താൻ പ്രവർത്തിച്ചത്. വാസ്തവം എന്തെന്നു അറിയുന്നതുവരെ അയാൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. ആ പ്രകാശം വരുന്നതു ഒരു ലൈറ്റ് ഹൗസിൽ നിന്നാണെന്നു അദ്ദേഹം മനസ്സിലാക്കിയപ്പോൾ, അയാൾ മാറി സഞ്ചരിക്കുവാൻ തീരുമാനിച്ചു.

ആ ലൈറ്റ്ഹൗസിനെ നമുക്കു തത്വങ്ങൾ എന്നു വിളിക്കാം. ബൈബി

ളിൽ അനവധി ലൈറ്റ്ഹൗസ് രീതിയിലുള്ള തത്വങ്ങൾ ഉണ്ട്. അവ ഒരിക്കലും മാറുകയില്ല. അവ തികവുള്ളതാണ്. അവ ഇന്നലെ വാസ്തവമായിരുന്നു, ഇന്നു വാസ്തവമാണ്, നാളെയും വാസ്തവമായിരിക്കും.

ബൈബിൾ വിവാഹത്തിന് ലൈറ്റ് ഹൗസ് തത്വങ്ങൾ നൽകുന്നു, ഉദാഹരണമായി ജീവിതത്തിൽ ഒരു പുരുഷനു ഒരു സ്ത്രീ (റോമർ 7:1-3). അതു മാതാപിതാക്കൾക്ക് ലൈറ്റ്ഹൗസ് തത്വങ്ങൾ നല്കുന്നുണ്ട്, ഉദാഹരണമായി മക്കളെ യേശുവിങ്കലേക്കു വളർത്തണം (എഫെസ്യർ 6:4). മക്കൾക്കും അതു ലൈറ്റ്ഹൗസ് തത്വങ്ങൾ നല്കുന്നുണ്ട് (6:1-3), ജോലിക്കാർക്കും ജോലിക്ക് ആക്കുന്നവർക്കും (6:5-9), ധനം കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ചും (1 തിമൊഥെയൊസ് 6:9, 10), പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും (യാക്കോബ് 4:13-15), ജീവിതത്തിന്റെ എല്ലാറ്റിനും തത്വങ്ങൾ നല്കുന്നുണ്ട് (2 പത്രൊസ് 1:3).

സഭയ്ക്കുവേണ്ട ലൈറ്റ്ഹൗസ് തത്വങ്ങൾ പുതിയ നിയമവും നല്കുന്നുണ്ട്. ചിലതു എഫെസ്യലേഖനത്തിലുണ്ട്. ദൈവം നല്കുന്ന എല്ലാ ആത്മിയാനുഗ്രഹങ്ങളും ക്രിസ്തുവിൽ കാണാം (1:3). ക്രിസ്തു സഭയുടെ തല ആകുന്നു (1:22). സഭ ക്രിസ്തുവിന്റെ ശരീരമാണ് (1:23). കൃപയാൽ വിശ്വാസം മൂലം, നാം രക്ഷിക്കപ്പെട്ടിരിക്കുന്നു (2:8). നാം ഏകശരീരത്തിലെ അവയവങ്ങൾ ആകുന്നു (3:6). ശരീരം ഒന്ന് ആത്മാവു ഒന്ന്; പ്രത്യാശ ഒന്ന്; കർത്താവു ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്; പിതാവും ദൈവവും ഒന്ന് (4:4-6).

സഭയുടെ വളർച്ചയെ കുറിച്ചുള്ള ഭാഗമാണ്, 4:7 മുതൽ കാണുന്നത്. അതു സഭയുടെ വളർച്ചക്കു പ്രവർത്തിക്കുവാൻ സഹായകരമായ ചില ലൈറ്റ് ഹൗസ് തത്വങ്ങൾ നല്കുന്നുണ്ട്.

## സഭയുടെ വളർച്ചക്കു<br>മതിയാകാത്ത തത്വങ്ങൾ

നാം ബൈബിൾ തത്വങ്ങൾ പരിശോധിക്കുന്നതിനു മുൻപു, സഭാവളർച്ചക്കു പൊതുവിൽ അംഗീകരിക്കപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ചില തത്വങ്ങൾ നോക്കാം. അവ സഹായകരമായതുകൊണ്ട്, അവയ്ക്കു പലപ്പോഴും കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നു. അവ അവയാൽ തന്നെ പോരായ്മയുള്ളതാണ്.

1. "ആധുനിക പരിപാടികൾ ശരിയായി ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തിയാൽ സഭയ്ക്കു വളർച്ചയുണ്ടാകും." സഭാ വളർച്ചക്കു എന്തെല്ലാം പ്രവർത്തികളാണ് വേണ്ടതെന്നു നമ്മെ കാണിക്കുന്ന ധാരാളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. സന്ദർശനം, വ്യാപാരം, പ്രസംഗിക്കൽ, ബൈബിൾ സ്കൂൾ, തുടങ്ങി നിരവധി കാര്യങ്ങൾ എങ്ങനെ സഭാവളർച്ചക്കു കാരണമാകുന്നു എന്നു ആ പുസ്തകങ്ങൾ വിശദീകരിക്കുന്നു. സഭാ വളർച്ചയെ കുറിച്ചുള്ള പുസ്തകങ്ങൾക്കു പുറമെ, വിജയിച്ച ഇടവകകളെ കുറിച്ചു ഇടയ്ക്ക് പഠനങ്ങളും നടത്തിയിട്ടുണ്ട്. വളർച്ചയുള്ള ഇടവകകളിൽ അവിടെയുള്ള അദ്ധ്യക്ഷന്മാർ ചെയ്യുന്ന ശരിയായ കാര്യങ്ങൾ എന്താണെന്നു കണ്ടെത്തുവാൻ സഭാദ്ധ്യക്ഷന്മാർ പോകും. അവർ പുസ്തകങ്ങളും ടേപ്പുകളും വാങ്ങും, സെമിനാറുകൾക്കു പോകും, വീടുകളിലും പോയി പ്രാദേശിക സഭയുടെ വളർച്ചക്കുള്ള പദ്ധതി അവരുടെ കയ്യിൽ ഉള്ളതായി ബോധ്യ

പ്പെടുത്തും.

2. "നല്ല – പരിശീലനം ലഭിച്ച, ഉദ്യോഗസ്ഥരായ ശുശ്രൂഷകന്മാരെ നിയമിച്ചാൽ സഭയ്ക്കു വളർച്ച ഉണ്ടാകും." ഒന്നിലധികം പ്രവർത്തകർ ഉള്ള കാലത്താണ് നാം ജീവിക്കുന്നത്. പ്രസംഗിക്കുന്ന ശുശ്രൂഷകന്മാരും, ഉൾപ്പെടുന്ന ശുശ്രൂഷകന്മാരും, യുവശുശ്രൂഷകന്മാരും, കുടുംബ ശുശ്രൂഷകന്മാരും, വിദ്യാഭ്യാസ ശുശ്രൂഷകന്മാരും, ഒറ്റയ്ക്കുള്ള ശുശ്രൂഷകന്മാരും നമുക്ക് ഉണ്ട്. കൂടുതൽ പ്രാപ്തരായ പ്രവർത്തകരുണ്ടെങ്കിൽ, സഭ കൂടുതൽ വളരുമെന്നു പ്രതീക്ഷിക്കുന്നു.

3. "സഭയുടെ പരിപാടികളിൽ ഏതെങ്കിലും ഒന്നിൽ ഓരോ അംഗവും പങ്കെടുക്കേണ്ടതിനു വേണ്ട പരിശീലനം നല്കിയാൽ സഭ വളരും." എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്നാണ് സഭാദ്ധ്യക്ഷന്മാർ ആഗ്രഹിക്കുന്നത്. ആളുകളെ ചേർക്കുകയും, പരിശീലിപ്പിക്കുകയും, വിവിധ പരിപാടികളിൽ "ആക്കുകയും" വേണം. ഇതാണ് സഭയുടെ വളർച്ച ഉറപ്പുവരുത്തുവാൻ പ്രതീക്ഷിക്കുന്നത്.

4. "സഭയുടെ ഹാജരിലും, ധർമ്മശേഖരത്തിലും, ഉത്തരവാദിത്വമുള്ള പ്രവൃത്തികളിലും ഉള്ള വർദ്ധനവു കണക്കാക്കിയാൽ സഭയുടെ വളർച്ച എത്രത്തോളമുണ്ടെന്നു മനസ്സിലാക്കാം." എണ്ണത്തിലും ധർമ്മശേഖരത്തിലും ഒരു ഇടവക കഴിഞ്ഞവർഷത്തേക്കാൾ ഇരട്ടിയായി എന്ന വാർത്ത, ആളുകൾ വായിക്കുമ്പോൾ അവർ വിചാരിക്കും, "അതൊരു വളരുന്ന ഇടവകയാണ്. അവർ ചലിക്കുകയാണ്." ചിലപ്പോൾ പ്രാദേശികസഭ മുതിർന്ന പൗരന്മാരുടെ യോഗങ്ങൾ, ദിവസവും – നോക്കുന്ന പരിപാടികൾ, വിനോദപ്രദമായ പരിപാടികൾ, സെമിനാറുകൾ, മീറ്റിങ്ങുകൾ, അദ്ധ്വാനമുള്ള ജോലികൾ എന്നിവയാൽ തിരക്കുള്ളതായി കാണാം. അപ്പോൾ ആ പ്രാദേശിക സഭയെ, "അതു വളരുകയാകും" എന്നു നാം തീർച്ചപ്പെടുത്തും.

ഈ നാലു തത്വങ്ങൾ പ്രതിനിധീകരിക്കുന്നത് ഇന്നത്തെ പല സഭാദ്ധ്യക്ഷന്മാരും എടുത്തിരിക്കുന്ന സമീപനത്തെയാണ്. ഈ നാലു പ്രസ്താവനകളിലും സത്യത്തിന്റെ മൂലകങ്ങൾ ഉണ്ട്; എന്നാൽ ആ സമീപനങ്ങൾ മാത്രം പോരാ സഭയുടെ വളർച്ചക്ക്.

## സഭയുടെ വളർച്ചക്കു വേണ്ട ലൈറ്റ് ഹൗസ് തത്വങ്ങൾ

സഭയുടെ വളർച്ചക്കുള്ള ലൈറ്റ് ഹൗസ് തത്വങ്ങളെ നാം പരിശോധിക്കുമ്പോൾ, പൗലൊസ് എഫെസ്യർക്കു എഴുതിയ ലേഖനം നാം വായിക്കണം:

> എന്നാൽ നമ്മിൽ ഓരോരുത്തന്നു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നു ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു ... . അവൻ ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു; അതു നാം എല്ലാവരും, വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലും ഉള്ള ഐക്യതയും, തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം, വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധെനക്കും ആകുന്നു. അങ്ങനെ, നാം

> ഇനി മനുഷ്യരുടെ, ചതിയാലും ഉപായത്താലും, തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ, കുടുങ്ങിപോകുവാൻ തക്കവണ്ണം, ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ; സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു, ക്രിസ്തു, എന്ന തലയോളം, സകലത്തിലും വളരുവാൻ ഇടയാകും, ശരീരം മുഴുവനും, യുക്തമായി ചേർന്നും, ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും, സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു (4:7-16).

**തത്വം ഒന്ന്**

*രക്ഷയെ പോലെ, സഭാവളർച്ച കൃപയാൽ സംഭവിക്കുന്നതാണ്.* പൗലൊസ് പറഞ്ഞു, "ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നു ഒത്തവണ്ണം ഓരോരുത്തന്നു കൃപ ലഭിച്ചിരിക്കുന്നു" (4:7). രക്ഷിക്കുന്ന കൃപയുണ്ട് (2:8), ഈ വാക്യത്തിൽ കൃപക്കു പ്രാപ്തമാക്കുന്നതായും, പൗലൊസ് പറഞ്ഞിരിക്കുന്നു. ദൈവമഹത്വത്തിനുവേണ്ടി പ്രത്യേകമായി എന്തെങ്കിലും ചെയ്യുവാനുള്ള കഴിവാണ് പ്രാപ്തമാക്കുന്ന കൃപ. ഈ ആശയം പൗലൊസ് റോമർക്ക് എഴുതുമ്പോൾ പറയുന്നുണ്ട്: "ആകയാൽ നമുക്കു ലഭിച്ച കൃപക്കു ഒത്തവണ്ണം വെവ്വേറെ വരം ഉണ്ട്" (12:6). വാസ്തവത്തിലുള്ള സഭാവളർച്ചക്ക് ആവശ്യമുള്ളതാണ് പ്രാപ്തമാക്കുന്ന കൃപ. നമ്മുടെ പദ്ധതികളുടെയോ ആവിഷ്ക്കരണത്തിന്റെയോ ഫലമായി മാത്രം നടക്കുന്നതല്ല വളർച്ച. ഓരോ ക്രിസ്ത്യാനിക്കും ക്രിസ്തു നല്കുന്ന കൃപയാൽ സംഭവിക്കുന്നതാണ് അത് – ഓരോരുത്തർക്കും വരം ലഭിക്കുന്ന കൃപയാണത്.

ഇതിനെ കുറിച്ചു പോൾ സ്റ്റീവെൻസ് എഴുതിയത് എനിക്ക് ഇഷ്ടമാണ്:

> ഒരു സഭയിൽ ഓരോ അംഗത്തിനും ക്രിസ്തുവിൽ നിന്നു കൃപ ലഭിക്കുന്നു എന്നും, ഓരോ അംഗത്തിനും സമ്മാനം ഉണ്ടെന്നും, എല്ലാ അംഗങ്ങളെയും അനുമോദിക്കേണ്ടതാണെന്നും, ക്രിസ്തുവിന്റെ കൃപയാൽ ലഭിക്കുന്ന ഓരോ വ്യത്യസ്തമായ അനുഭവവും നിധിയായും തിരിച്ചറിയണം. അത്തരം പരിതസ്ഥിതി കാണിക്കുന്നതു "ഞങ്ങൾക്കു നിന്നെ ആവശ്യം ഉണ്ട്!"[2]

ഓരോ അംഗവും ഒഴിവാക്കുവാൻ പറ്റാത്ത അവയവങ്ങളാണ്! അടുത്ത ഞായറാഴ്ച്ച പ്രാദേശിക സഭക്കു ചുറ്റും നോക്കുക. നിങ്ങൾ ദൈവകൃപ പ്രകടമാക്കുന്ന കാഴ്ച്ചകളാൽ അകപ്പെട്ടിരിക്കുന്നതായും, അത് അവിടെ സന്നിഹിതരായിരിക്കുന്ന വിശ്വസ്തരായ ക്രിസ്ത്യാനികളുടെ എണ്ണത്തിനു തുല്യമാണെന്നും കാണാം. സഭയുടെ വളർച്ചക്ക് ആവശ്യമായ കൃപയും ദാനങ്ങളും ദൈവം നല്കുന്നത് ക്രിസ്ത്യാനികൾക്കുള്ള പ്രാപ്തമാക്കുന്ന കൃപയാലാണ്.

**തത്വം രണ്ട്**

*ഓരോ ക്രിസ്ത്യാനിക്കും ലഭിച്ച കൃപയ്ക്കൊത്തു ഓരോരുത്തരും ശുശ്രൂഷ ചെയ്താൽ സഭ വളരും.* പല ഇടവകകളും അവരുടെ ലെറ്റർ പാടിൽ അവരുടെ മൂപ്പന്മാരുടേയും, ശുശ്രൂഷകന്മാരുടേയും, സഭാശുശ്രൂ

ഷകന്മാരുടേയും പേരുകൾ എഴുതും. പ്രവർത്തകരായ ഉപദേഷ്ടാക്കന്മാരെയാണ് സാധാരണ "ശുശ്രൂഷകർ" എന്നു പറഞ്ഞിരിക്കുന്നത്. ഇതു തെറ്റിദ്ധരിക്കുവാനിടയാകും. വാസ്തവത്തിൽ, പ്രാദേശിക സഭയിലെ എല്ലാ അംഗങ്ങളും ശുശ്രൂഷകന്മാരാണ്. മറ്റെല്ലാവരേയും പോലെ നിങ്ങളും ക്രിസ്തുവിന്റെ ശുശ്രൂഷകന്മാരാണ്, അതിൽ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. നിങ്ങൾ ക്രിസ്തുവിന്റെ കൃപയുടെ ശുശ്രൂഷകനാണ്.

4:16-ൽ നാം വായിക്കുന്നു, "ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും, ഓരോ അംഗത്തിന്റെ അതതുവ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും, സ്നേഹത്തിലുള്ള വർദ്ധനെക്കായി, അവനിൽ [ക്രിസ്തു] നിന്നു വളർച്ച പ്രാപിക്കുന്നു." ദൈവ വേലയിൽ ആളുകളെ ഉൾപ്പെടുത്തുവാൻ പ്രോത്സാഹിപ്പിക്കുന്ന എന്റെ രീതിയെ പുനഃപരിശോധിക്കുവാൻ ഈ തിരുവെഴുത്തു വെല്ലുവിളി നല്കിയിട്ടുണ്ട്. ഞാൻ എല്ലായ്പ്പോഴും ഈ സമീപനമാണ് എടുത്തിട്ടുള്ളത്: ഏതെങ്കിലും പ്രത്യേക പരിപാടിക്കു സഹായം ആവശ്യമെങ്കിൽ, ആ പ്രവൃത്തി ചെയ്യുവാൻ ഞാൻ ആളുകളെ ചേർക്കും. നിലവിലുള്ള ശുശ്രൂഷാ പ്രതലങ്ങളിൽ ഞാൻ എന്റെ കഴിവിന്റെ പരമാവധി യോജിച്ച ആളുകളെ ആക്കും. വ്യക്തികളോടു ഇങ്ങനെ ചോദിക്കുന്ന സമീപനമായിരിക്കും നല്ലത്, "കർത്താവിനുവേണ്ടി എന്തു ചെയ്യുവാനാണ് നിങ്ങൾക്കു കൂടുതൽ താല്പര്യം? അവന്റെ നാമം മഹത്വപ്പെടേണ്ടതിനു നിങ്ങൾ ചെയ്യുവാൻ യേശു ആഗ്രഹിക്കുന്ന ശുശ്രൂഷ എന്താണെന്ന് നിങ്ങൾ കരുതുന്നു? അതു ചെയ്യുവാൻ ഞങ്ങൾ നിങ്ങളെ സഹായിക്കാം."

ഓരോ ക്രിസ്ത്യാനിയും സഭയിൽ കൃപയുടെ ശുശ്രൂഷകനാണ്. യേശുവിനെ കുറിച്ച് നിങ്ങൾ ചെയ്യേണ്ടതായ ശുശ്രൂഷ മനസ്സിൽ കണ്ടുകൊണ്ട് അതു ചെയ്യേണ്ടതിനാണ് അവൻ നിങ്ങളെ അവന്റെ സഭയിൽ വെച്ചിരിക്കുന്നത്.

**തത്വം മൂന്ന്**

*ശുശ്രൂഷക്കായി ആളുകളെ അദ്ധ്യക്ഷന്മാർ പ്രാപ്തരാക്കുന്നതിലൂടെയാണ് സഭ വളരുന്നത്.* പൗലൊസ് പറഞ്ഞു,

> അവൻ [ക്രിസ്തു] ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു, അതു വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനെക്കും ആകുന്നു (4:11, 12).

സഭയിൽ പ്രാഗത്ഭ്യത്തോടെ പ്രവർത്തിക്കുവാൻ ആളുകളെ പഠിപ്പിക്കുവാൻ - വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ, ക്ലാസുകൾ എന്നിവയിൽ ഉപയോഗിക്കുന്നതിനു നാം പൗലൊസിന്റെ നിർദ്ദേശങ്ങൾ എടുത്തിട്ടുണ്ട്. എങ്ങനെയായാലും, അതു "പ്രാപ്തമാക്കുന്ന" ആശയത്തെ പരിമിതപ്പെടുത്തുന്നു. പ്രാപ്തമാക്കുന്നതിൽ ഒരു വ്യക്തിയിൽ ശുശ്രൂഷക്കു വേണ്ട പാടവം വളർത്തി എടുക്കലും ഉൾപ്പെടുന്നു; പക്ഷെ അതിനേക്കാളും അധികമായി, *ഒരാളുടെ സ്വഭാവം, മനസ്സ്, ഹൃദയം എന്നിവയെ* പാകപ്പെടുത്തി

യെടുക്കുക എന്നാണ് അതിനർത്ഥം.

ആളുകളെ ശുശ്രൂഷക്കു പ്രാപ്തമാക്കുന്നതിൽ യജമാനനായിരുന്നു യേശു. അവൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു മൂന്നു വർഷം അവരെ പ്രാപ്തമാക്കുവാൻ അവരോടൊപ്പം ചെലവിട്ടു. കുഷ്ഠ രോഗികളെ ശുശ്രൂഷിക്കുന്നതിനു പത്തു വഴികൾ മനഃപാഠം പഠിക്കുവാൻ യേശു അവരോടു പറഞ്ഞതായി ഞാൻ വായിച്ചിട്ടില്ല. സഭാ ഭരണത്തെ കുറിച്ചു അവൻ അവരെ പഠിപ്പിച്ചതായും ഞാൻ കാണുന്നില്ല. പകരം, അവൻ അവരുമായി സമയം ചെലവിട്ടു. അവർ അവന്റെ ശക്തി കണ്ടു അവരെ കീഴ്പ്പെടുവാൻ സഹായിച്ചു. അവൻ പ്രാർത്ഥിക്കുന്നത് അവർ കേൾക്കുകയും പ്രാർത്ഥിക്കുവാൻ അവരെ പഠിപ്പിച്ചിട്ടുമുണ്ട്. എങ്ങനെ ദൈവത്തിന്റെ മക്കളായി ജീവിക്കാമെന്നു, യേശുവിനോടുകൂടെ ആയിരുന്നതുകൊണ്ട് അവർ പഠിച്ചു.

സഭാദ്ധ്യക്ഷന്മാർ ഈ മാതൃക പിൻപറ്റണം. യേശുവിനോടുകൂടെ ഇരുന്നു - അതായതു, വചനത്തിലും, ആരാധനയിലും, പ്രാർത്ഥനയിലും അവനോടൊപ്പം സമയം പങ്കുവച്ചാൽ - എങ്ങനെ ദൈവമക്കളായി ജീവിക്കാമെന്നു ക്രിസ്ത്യാനികൾ പഠിക്കും. ദൈവത്തിനു വേണ്ടി നമ്മുടെ ഹൃദയത്തിൽ വിശപ്പും ദാഹവും ഉണ്ടാകേണ്ട രീതിയിൽ ആകണം നമ്മുടെ സഭായോഗങ്ങൾ. നമ്മുടെ മനസു രൂപാന്തരപ്പെടുത്തുന്നതും ജീവിതം മാറ്റുന്നതുമായ ദൈവവചനത്തിലെ നിർദ്ദേശങ്ങൾ നമുക്ക് ആവശ്യമാണ്. അന്യോന്യം ആശ്രയിക്കുന്നതിനും നമ്മുടെ സമർപ്പണം വർദ്ധിപ്പിക്കുന്നതിനും നാം മറ്റു ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കണം. ക്രിസ്ത്യാനികൾക്ക് ദാസ്യഹൃദയവും യേശുവിന്റെ മനോഭാവവും ജീവിതത്തിൽ - ലഭിക്കുന്നതിനു വേണ്ടിയാണ്, യേശു സഭാദ്ധ്യക്ഷന്മാരെ പ്രാപ്തമാകുവാൻ ആഹ്വാനം ചെയ്തിരിക്കുന്നത്.

**തത്വം നാല്**

*ദൈവ ദൃഷ്ടിയിൽ പക്വതയിലാണ് സഭാവളർച്ച അളക്കുന്നത്.* "ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്കാണ്" ദൈവജനത്തെ ശുശ്രൂഷക്കായി പ്രാപ്തമാക്കേണ്ടത് (4:12). ഇതു സംഭവിക്കേണ്ടത് "വിശ്വാസത്തിലും, ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും, തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം" (4:13) ആയിരിക്കണമെന്ന് പൗലൊസ് ആവശ്യപ്പെടുന്നു. പക്വത ആർജ്ജിക്കുന്നതിനെ അവൻ വീണ്ടും ഊന്നി പറയുന്നതു ശരീരം വളരുന്നതിനെയും (4:15) പണിയുന്നതിനെയും സൂചിപ്പിച്ചാണ് (4:16). പക്വത എന്ന ആശയം പൗലൊസിന്റെ എഴുത്തുകളിൽ വ്യാപരിച്ചിരിക്കയാണ്.

ദൈവമുൻപാകെ സഭാവളർച്ച അംഗസംഖ്യയിലല്ല, പിന്നെയോ പക്വതയിലാണ്. ദൈവം നോക്കുമ്പോൾ താൻ അംഗീകരിക്കുന്ന ഒരാളുടെ രൂപം നമ്മുടെ ഹൃദയത്തിൽ വേണം. തന്റെ പുത്രന്റെ പ്രതിരൂപം നമ്മിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങുമെന്നു ദൈവം പ്രതീക്ഷിക്കുന്നു. ക്രിസ്തുവിന്റെ മനസ് നമ്മിൽ ഉണ്ടാകണമെന്നു അവൻ ആഗ്രഹിക്കുന്നു.

## ഉപസംഹാരം

സഭാവളർച്ചക്കുവേണ്ട നാലു ലൈറ്റ്ഹൗസ് - രീതിയിലുള്ള തത്വങ്ങൾ നാം പരിശോധിച്ചു. ആ തത്വങ്ങൾ നമ്മിൽ ക്രമീകരിച്ചാൽ, ദൈവം നമ്മുടെ

പ്രാദേശിക സഭകൾ വളരുന്നതായി കാണും.

ഒരു വ്യക്തി എന്ന രീതിയിൽ നിങ്ങൾ എങ്ങനെയാണ്? നിങ്ങൾ അംഗമായിരിക്കുന്ന ഇടവകക്കുവേണ്ടി നിങ്ങളുടെ വരം നിങ്ങൾ ഉപയോഗിക്കുന്നുണ്ടോ? മറ്റുള്ളവരുമായി പങ്കിടുവാൻ നിങ്ങൾക്കു ലഭിച്ച കൃപ നിങ്ങളിൽ തന്നെ കൊണ്ടുനടക്കുകയാണോ? നിങ്ങൾ ആ കൃപ ഉപയോഗിക്കുന്നതിൽ വിശ്വസ്ത ശുശ്രൂഷകനാണോ?

അദ്ധ്യക്ഷന്മാരേ, നിങ്ങൾ പരിപാടികളിലെ കുറവുകൾ തല്ക്കാലം നികത്തുകയാണോ അതോ മറ്റുള്ളവരുടെ പ്രത്യേകമായ താലന്തുകൾ സഭക്കുവേണ്ടി ഉപയോഗിക്കുവാൻ അവരെ സഹായിക്കുന്നുണ്ടോ? ദാസ്യഹൃദയങ്ങളും മനോഭാവങ്ങളും ആളുകളിൽ വളർത്തിയെടുക്കുന്ന ചുറ്റുപാടുകളെ പ്രോത്സാഹിപ്പിക്കുവാൻ നിങ്ങളാൽ കഴിയുന്നതു നിങ്ങൾ ചെയ്യുന്നുണ്ടോ?

നമ്മുടെ ഓരോരുത്തരുടേയും മനസ്സിൽ പക്വത എന്ന ലക്ഷ്യം ഉണ്ടോ? ക്രിസ്തുവിന്റെ മനസ് നമ്മിൽ ഉണ്ടാകുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? ഞാൻ എന്റെ ഭാഗം ചെയ്താൽ, നിങ്ങൾ നിങ്ങളുടെ ഭാഗം ചെയ്താൽ, അദ്ധ്യക്ഷന്മാർ അവരുടെ ഭാഗം ചെയ്താൽ, ദൈവനാമം മഹത്വപ്പെടുന്ന രീതിയിൽ സഭ വളരും എന്ന് ക്രിസ്തു നമുക്ക് ഉറപ്പു നൽകിയിട്ടുണ്ട്.

---

കുറിപ്പുകൾ

[1]ഫ്രാങ്ക് കോച്ച്, ക്വോട്ടഡ് ബൈ സ്റ്റീഫെൻ കോവേ, *ദ 7 ഹാബിറ്റ്സ് ഓഫ് ഹൈലി എഫെക്റ്റിവ് പീപ്പിൾ: പവർഫുൾ ലെസൻസ് ഇൻ പെഴ്സണൽ ചെയിഞ്ച്* (ന്യൂയോർക്ക്: സൈമൺ & സ്കുസ്റ്റർ, 1989), 33. [2]ആർ. പോൾ സ്റ്റീവെൻസ്, *ലിബെറേറ്റിങ് ദ ലേയിറ്റി: എകിപ്പിങ് ഓൾ ദ സെയിന്റ്സ് ഫോർ മിനിസ്ട്രി* (ഡൗണേഴ്സ് ഗ്രോവ്, III.: ഇന്റർ – വാഴ്സിറ്റി പ്രെസ്, 1985), 30.